# അറിവ് നിറവാകുമ്പോൾ...

## GVGHSS CHITTUR

little KITEs

# OUR QR CODE

# ഞങ്ങളുടെ സാരഥികൾ

***PRINCIPAL***
***RAJEEVAN.R***





***HEAD MISTRESS***
***RAJINA.P***

RESHMI.K
DEPUTY HEADMISTRESS



# *PTA*



SURESH BABU .E.N

PTA PRESIDENT



ROBIN BABU

SMC CHAIRMAN



PRIYA U

MPTA PRESIDENT



AJITHKUMAR

PTA VICE PRESIDENT

# Table of Contents

OUR QR CODE....2
ഞങ്ങളുടെ സാരഥികൾ....3
....3
PTA....4
ആമുഖം....6
ഞങ്ങളുടെ വിദ്യാലയം....7
ആടുജീവിതം....8
കുട്ടിക്കാല ഓർമ്മകൾ....9
ആരു വിരാമമിടും....13
എന്റെ മടക്കം....14
ഞാൻ മലാല....17
വിശപ്പ്....19
എന്റെ രചനകൾ....20
ഇരുട്ടിന്റെ സന്തതി....20
ഓർമ....23
പ്രകാശം പരത്തുന്ന കഥകൾ....26
ആൽക്കെമിസ്റ്റ് ജീവിതത്തിന്റെ നേർക്കാഴ്ച്ച....29
എരിഞ്ഞടങ്ങിയപോരാളി....31
കുട്ടിക്കാല ഓർമ്മകൾ....33
....37
വിദ്യാരംഗം കലാസാഹിത്യവേദി....37
....37
चार्ली चाप्लिन....38
प्यारी प्यारी मेरी माँ....39
महत्व वचन....40
माँ की कविता....41
पहला स्वंतंत्राता संगाम (पहली जनकंति)....43
....43
मेहमान....44
ഹൈടെക് കെട്ടിടം ഉത്ഘാടനം....46
ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ ....49
അക്കാദമികം....52
പ്രളയം....58

നന്മയുടെ കേരളം നവകേരളം.....63
അത് ആരുടേതായിരുന്നു?.....65
നരനായും പറവയായും.....68
നന്ദി.....70

# ആമുഖം

2018-ൽ ലിറ്റിൽ കൈറ്റ്സ് ആരംഭിച്ചശേഷം ഇന്നേക്ക് രണ്ട് വർഷം പൂർത്തിയാവുന്നു. വിവരവിനിമയ സാങ്കേതികവിദ്യയുടെ രംഗത്ത് മികവ് തെളിയിച്ച വിദ്യാർത്ഥിനികളാണ് ഇന്ന് ലിറ്റിൽ കൈറ്റ്സ് രംഗത്ത് പ്രവർത്തിക്കുന്നത്. ഐ.ടി.മേഖലയിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് വിക്ടോറിയയുടെ ഓരോ ചരിത്ര നിമിഷങ്ങളും രേഖപ്പെടുത്തുന്നു. വിക്ടോറിയയിലെ കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ വിദ്യാർത്ഥിനികൾ ഈ E-MAGAZINE ലൂടെ ആവിഷ്കരിച്ചിരിക്കുന്നു. വിദ്യാർത്ഥിനികളുടെ ഐ.ടി.മേഖലയിലുള്ള കഴിവുകൾ കണ്ടെത്തി അവരുടെ അറിവുകൾ വികസിപ്പിച്ച് സ്വന്തം ഭാവിയെ കരുപ്പിടിപ്പിക്കാനായി അവരെ വളർത്തിയെടുക്കുന്നത് അധ്യാപകരാണ്. നമ്മുടെ വിദ്യാലയത്തിലെ ചരിത്ര നിമിഷങ്ങളും സർഗസൃഷ്ടികളും ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥിനികൾ 'കനവ് നിനവാകുമ്പോൾ' എന്ന E-MAGAZINE ലൂടെ

പങ്കുവച്ചിട്ടുണ്ട്. 2019-20 അദ്ധ്യയനവർഷത്തെ ലിറ്റിൽ കൈറ്റ്സ് വിദ്യാർ ത്ഥിനികളുടെ E-MAGAZINE ലേക്ക് സ്വാഗതം.

HM

GVGHSS CHITTUR

# ഞങ്ങളുടെ വിദ്യാലയം

https://drive.google.com/open?id=19rE0dSnmkm6P6dEJfQ1ZEQNN3FmtyN5T




# ആടുജീവിതം

കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച ബെന്യാമിന്റെ ആടുജീവിതം എന്നെ വളരെയേറെ അതിശയിപ്പിച്ചു. വിദേശ മലയാളികളുടെ ദുരിതങ്ങൾ പച്ചയായ രീതിയിൽ ആവിഷ്കരിച്ചിരിക്കുകയാണീ കൃതിയിൽ. മലയാളികളുടെ വിദേശ സങ്കൽപത്തെ തിരുത്തിയെഴുതിയ കൃതിയാണ് ബെന്യാമിന്റെ ആടുജീവിതം. മാനം മുട്ടുന്ന കെട്ടിടങ്ങളും, മാളുകളും, എണ്ണക്കമ്പനികളും ഉള്ള അറേബ്യയാണ് എല്ലാവരുടേയും മനസ്സിൽ. അതിന്റെ മറുഭാഗം ക്രൂരവും ദുസ്സഹവുമാണെന്ന് ഈ കൃതിയിലൂടെ നാം തിരിച്ചറിയുന്നു.

നജീബെന്ന വ്യക്തിയാണ് കഥാനായകൻ. നജീബിന്റെ ജീവിതയാഥാർത്ഥ്യത്തെ ആവിഷ്കരിച്ചിരിക്കുകയാണ് കഥാകൃത്ത്. മണൽ വാരൽ തൊഴിലാളിയായ നജീബിന്റെ ഭാര്യ ഗർഭിണിയായതോടെ പ്രാരാബ്ധങ്ങൾ കൂടിയ നജീബ് യാദൃശ്ചികമായി കിട്ടിയ വിസയിൽ ഗൾഫ് സ്വപ്നങ്ങൾ കണ്ടുകൊണ്ട് ഹക്കീം എന്ന പയ്യനെ കൂട്ടി ഗൾഫിലേക്ക് പോയി. അവരെ കാത്തിരുന്നത് മുഷിഞ്ഞ വസ്ത്രധാരിയായ ഒരു അർബാബുവും, പരന്നു കിടക്കുന്ന മരുഭൂമിയും, മസറകളും അതിലെ ആടുകളും ഒട്ടകങ്ങളും മാത്രമായിരുന്നു.നജീബിന് ജീവിതം ഒരു മരുപ്പച്ചയായി തോന്നി. അന്നു മുതൽ നജീബിന്റെ ആടുജീവിതം തുടങ്ങുകയായി. എപ്പോഴും വെള്ളത്തിൽ കിടന്ന നജീബിന് തന്റെ പ്രാഥമിക ആവശ്യങ്ങൾ  നിറവേറ്റാൻ പോലും വെള്ളം കൊടുത്തില്ല. അറബിയുടെ ശകാരങ്ങളും ശിക്ഷകളും നജീബിനെ വല്ലാതെ നോവിച്ചെങ്കിലും അവന് അതിജീവിക്കുകയായിരുന്നു. ഒരുപാട് ദുരിതങ്ങൾ അതിജീവിച്ച നജീബ് നമുക്കൊരു പാഠമാണ്. ചെറിയ വിഷമങ്ങളിൽ തളർന്ന് വീഴുന്ന നമുക്ക് നജീബ് ഒരു മാതൃകയാണ്.ഒരുപാട് കോപ്പികൾ വിറ്റഴിഞ്ഞ,കുറെ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടബെന്യാമിന്റെ ആടുജീവിതം മരുഭൂമിയിലെ കാണാപ്പുറങ്ങളുടെ യാഥാർഥ്യമാണ്.

സ്മൃതി.കെ.എസ്.

# കുട്ടിക്കാല ഓർമ്മകൾ



ബാല്യം എന്നത് സ്വർഗതുല്യമാണ്. ഈ സ്വർഗീയാനുഭവം കടന്ന് പോയാൽ നമുക്ക് പിന്നീട് തിരിച്ചെടുക്കാൻ കഴിയില്ല. എനിക്കും ധാരാളം അനുഭവങ്ങളുണ്ട്. ഞാനും കൊച്ചനുജനും തമ്മിൽ ധാരാളം വഴക്കിടുകയും ഒത്തൊരുമിച്ച് കളിക്കുകയും ചെയ്യും . മാങ്ങയോ, നെല്ലിക്കയോ, കൊയ്യാക്കയോ പറിക്കുമ്പോളെല്ലാം ഞങ്ങൾ ഒരുമിച്ച് നിൽക്കും . അവൻ പുറത്ത് വഴക്കിട്ട് വന്നാൽ എന്നോടായിരിക്കും അത് ആദ്യം വന്ന് പറയുക. അങ്ങനെ മരങ്ങളിലെ ഇലകൾ തമ്മിൽ കൂടിനിൽക്കുന്നതുപോലെ ഞാനും എൻെറ കൊച്ചനുജനും പരസ്പരം സ്നേഹിച്ചും കളിച്ചും നിൽക്കും . ഞങ്ങൾ അമ്മയെക്കാണാതെ മാങ്ങ പറിച്ച് ഉപ്പും മുളകും ഇട്ട് അച്ചാറിടുമ്പോൾ അമ്മ ഞങ്ങളെ അറിയാതെ പിന്നിൽ വന്ന് നിന്ന് തല്ലുന്നതും ഞാൻ ഓർക്കുന്നു . ഒരിക്കൽ ഞങ്ങൾ കടൽ കാണാൻ പോയപ്പോൾ കടൽത്തീരത്തുള്ള മണലിൽ വീട് നിർമ്മിച്ചതും, കടലമ്മ വന്ന് തിരമാലകളാൽ അതിനെ കടലിലേക്ക് കൊണ്ടുപോയതും എല്ലാം ഞാൻ ഓർക്കുന്നു . ഞാനും എൻെറ കൊച്ചനുജനും ചേർന്ന് നട്ട ചെടിയിൽ പൂക്കളും പഴങ്ങളും വളർന്നു. ഭംഗിയുള്ള പക്ഷികൾ വന്ന് അവ കൊത്തി തിന്നുമ്പോൾ ഞങ്ങൾ അത് കണ്ട് രസിച്ച നിൽക്കും . ബാല്യത്തിൽ സ്വർണ്ണം വാങ്ങി കഴുത്തിലോ,കാതിലോ ഇടുന്നതിനേക്കാൾ രസവും തനിമയും സന്തോഷവും ആ പഴങ്ങൾ കഴിക്കുമ്പോഴുണ്ടാകും. ബാല്യത്തിൽ ഞാൻ പഠിച്ച് ട്രോഫി വാങ്ങി കൊണ്ടു വരുമ്പോൾ എനിക്ക് സന്തോഷമുണ്ടാകും . എന്നാൽ ഞാൻ സന്തോഷിക്കുമ്പോൾ

മാത്രം എന്റെ അമ്മയുടെ മുഖത്ത് സന്തോഷം കാണാൻ സാധിക്കില്ല . തന്റെ മകൻ പഠിത്തത്തിൽ ശ്രദ്ധിക്കാത്തതാണ് കാരണം . ഞാനോ അനിയനോ സന്തോഷത്തോടെ അമ്മന്റെ അടുത്ത് വന്ന്  നാളെ കഥാപുസ്തകം സക്കൂളിൽ വരുമെന്ന് പറയുമ്പോൾ അമ്മ പറയും "മക്കളെ എന്റെ കൈയ്യിൽ കാശില്ല. അതുകൊണ്ട് എനിക്ക് നിങ്ങൾക്ക് കഥാപുസ്തകം വാങ്ങിത്തരാൻ കഴിയില്ല " അപ്പോൾ പൂ വാടിപ്പോകുന്നതുപോലെ സ്വന്തം മുഖവും മനസ്സും വാടിപ്പോകും . എന്നെ തേൾ കുത്തിയപ്പോൾ എന്നെ സ്നേഹിക്കുന്ന ബന്ധുമിത്രാദികളുടെ സൂര്യപ്രകാശത്താൽ ജ്വലിക്കുന്ന മുഖം വാടിയത് ഞാൻ ഓർ ത്തുപോകുന്നു . അമ്മയുടെ മടിയിലും, തൊട്ടിലിലും, ആ സാരിയിലും തൂങ്ങിക്കിടന്നതും മഴയത്ത് കളിച്ചതും, കുളിച്ചതും മഴയത്ത് കുട പിടിച്ച് നടക്കുമ്പോൾ ആ മഴയമ്മ കാറ്റിലൂടെ എന്റെ കുട പറത്തി എടുത്തതും അമ്മ ചീത്ത പറഞ്ഞതും നായയെ കല്ലെടുത്ത് എറിഞ്ഞതും കോഴിയെക്കണ്ട് ഓടിയപ്പോൾ കോഴി എന്നെ ചുറ്റിയതും ഞാൻ പേടിച്ചതും എന്റെ കൂട്ടുകാരുമൊത്ത് കുട്ടികൾക്ക് ഇഷ്ടമുള്ള എന്റെ സ്കൂളിലെ കൊടുക്കാപ്പുളി മരത്തിൽ നിന്ന് മധുരമുള്ള കൊടുക്കാപുള്ളിന്റെ അമ്മയുടെ  വലിച്ചപ്പോൾ ടീച്ചർ തല്ലിയതും കൂട്ടുകാരുമൊത്ത് മരച്ചുവട്ടിൽ നിന്ന് പൊത്തിക്കളിക്കുമ്പോൾ ഞാൻ കള്ളക്കളി കളിച്ച് ജയിച്ചപ്പോൾ  സ്നേഹമുള്ള കൂട്ടുകാർ എന്നോട് വഴക്കിട്ടതും ഈ രസകരമായ കുട്ടിക്കുസൃതികൾ എല്ലാം ഇനി എത്രയായാലും തിരിച്ച് വരില്ലെന്ന് ഓർത്ത് ഞാൻ അതിയായി ദുഃഖിക്കുന്നു . കൂട്ടുകാരേ, നമ്മളുടെയല്ലാം ബാല്യം എന്നത് ജീവൻ പോയാൽ തിരിച്ച് കിട്ടാത്ത പോലെയാണ്

നമ്മുടെ മധുരവും സന്തോഷവും നിറഞ്ഞ ബാല്യകാലം . നമ്മുടെ ബാല്യം എന്നത് കളിക്കാനും രസിക്കാനും ഉള്ളതാണ് . അല്ലാതെ വഴക്ക്കൂടി മാതാപിതാക്കളേയും മറ്റാരേയും മാനിക്കാതെ തെറ്റുകൾ ചെയ്ത് ബാല്യകാലം രസിക്കരുത് . ബാല്യകാലം നന്മയുടെ അവകാശമാണ് . അങ്ങനെ എന്റെ ബാല്യകാലം ഒരു ട്രെയിൻ പോലെ എത്ര വേഗത്തിലാണ് പോകുന്നത് , എന്നാൽ നമുക്ക് അതിന്റെ ഉള്ളിലായിരിക്കുമ്പോൾ പതുക്കെ പോവുന്നതുപോലെ തോന്നും . അതുപോലെയാണ് എന്റെ ബാല്യകാലവും കടന്നു പോയത്.

ഫർസാന 6

# ആരു വിരാമമിടും

അവളുടെ നെഞ്ച് ഉരുകുകയാണ്, ഉച്ചവെയിലിൽ മഞ്ഞുകട്ട ഉരുകുന്നതുപോലെ. അന്ന് അന്തിയുറങ്ങും വരെ അവളുടെ മനസ് ആ ചോദ്യം ആവർ-ത്തികുകയാണ്. എന്നാലും ആരായിരികും? ചോദ്യത്തിൻറ ഒരു കുന്ന് മുന്നിൽ. തൻറെ കൂടെ അന്തിയുറങ്ങുന്ന കൂട്ടുകാരും ഇതേ ചോദ്യം ചോദിച്ചിരിക്കാം ഉത്തരം തേടിയിരിക്കാം. ഈ അനാഥാലയത്തിന്റെ നാലു ചുമരുകളും ഈ ചോദ്യം പലപ്പോഴായി പ്രതിധ്വനിച്ചിരിക്കാം എന്നാലും ഈ ചോദ്യം കേൾക്കുമ്പോൾ നെഞ്ചിൽ നിന്ന് ഒരു തേങ്ങലാണ്. സ്കൂളിലെ ആദ്യ ദിനം തന്നെ ഇത്രയും ദുസ്സഹമാവുമെന്ന് അറിഞ്ഞിരുന്നില്ല. അവർ അറിഞ്ഞിരുകൊ

ണ്ടാവില്ല തന്നോട് അമ്മയാരാണെന്ന് ചോദിച്ചത്. അവർക്കറിയില്ലല്ലോ ഞാൻ തന്നെ എത്ര പ്രാവശ്യം ഈ ചോദ്യം തന്നോടുതന്നെ ചോദിച്ചകാര്യം. കണ്ണുകൾ ഈററനണിയുമ്പോഴും അവളുടെ മനസ്സ് പറഞ്ഞു "കുറ്റം നിൻെറതല്ലല്ലോ" എന്ന്. അവൾ ചിന്തിച്ചു താൻ വായിച്ച ചില പുസ്തകങ്ങളിൽ ആരോരുമില്ലാത്ത ഒരുപാട് പേരുടെ ജീവിതദുരിതങ്ങൾ കാണിച്ചിട്ടുണ്ട്. പക്ഷെ അവളുടെ ജീവിതം അതിനെക്കാളെല്ലാം കയ്ക്കുന്നതായി അവൾക്ക് തോന്നി നെല്ലിക്കയെ പോലെയാകുമോ തന്റെ ജീവിതം എന്ന് അവൾ ചിന്തിച്ചു ഈ കയ്പു മാറ്റി മധുരമാക്കാൻ തന്റെ വരുമോ? ഈ ചോദ്യങ്ങൾക്ക് എപ്പോഴാണ് ഉത്തരം ലഭിക്കുക. കർണ്ണന്റെ ചോദ്യത്തിന് കുന്തി വിരാമമിട്ടപ്പോലെ തന്റെ ചോദ്യത്തിന് ആര് വിരാമമിടും? ഈ കാത്തിരിപ്പ് എന്ന് തീരും ........

സ്മൃതി. കെ. എസ്

# എന്റെ മടക്കം

നാട്ടിലേക്ക് വന്നിട്ട് ഇപ്പോ എട്ടു വർഷമായി.അവിടെ നിന്ന് ഒരു വിവരവുമില്ല. എന്റെ അച്ഛനും അമ്മയും സഹോദരങ്ങൾ ആറുപേരും നല്ല തറവാടിത്തമുള്ളകുടുംബമാണ് . വളരെ ലാഘവത്തോടെ പോയിക്കൊണ്ടിരുന്ന എന്റെ ജീവിതത്തിൽ പ്രശ്നങ്ങളുടെ തുടക്കം ഞാൻ ഒരു യുവാവായപ്പോഴാണ് . എന്റെ തൊഴിലിനെ സംബന്ധിച്ച് ജീവിതത്തിലും കുടുംബത്തിലും പല പ്രശ്നങ്ങൾ ഉണ്ടായി. അവസാനം എനിക്ക് എന്റെ നാട് ഉപേക്ഷിക്കേണ്ടിവന്നു. പിന്നീട് നേരെ പോയത് ഗൾഫിലേക്കാണ്. പുതിയ നാട്, ഭാഷാപരമായ തടസ്സം എല്ലാം തുടക്കത്തിൽ തന്നെ അവസാനിച്ചു. ഞാൻ അവിടത്തെ ഒരു പ്രവാസിയും മലയാളിയുമായ ശേഖരേട്ടനെ കണ്ടു , എന്നെ കുറേ സഹായിച്ചു. അപ്പോൾ ഞാൻ ആലോചിച്ചത്; പണ്ട് എന്റെ അച്ഛൻ പറഞ്ഞിട്ടുണ്ട്അന്യനാട്ടുകളിൽ മുഴുവൻ കള്ളവും ചതിയുമാണെന്ന്, പണമാണ് അവിടെ ബന്ധങ്ങൾക്കും മുമ്പിൽ നിൽക്കുന്നത് . ഇന്നെനിക്ക് ശേഖരേട്ടനെ കാണുമ്പോൾ അന്ന് ഞാൻ സത്യമാണെന്ന് വിചാരിച്ചതൊക്കെ തെറ്റാണെന്ന് തിരിച്ചറി ഞ്ഞു.കുറേ മാസം വെറുതെയിരുന്നു. ഞാൻ ശേഖരേട്ടനോട് പറഞ്ഞ് ഒരു ഓയിൽകമ്പനിയിൽ ജോലി ശരിയാക്കി. മാസം 5000 രൂപ ശമ്പളം , പിന്നീട് ജോലിയനുസരിച്ച് കൂട്ടും. കുറേ മാസം അവിടെ പിടിച്ചുനിന്നു. പിന്നെ അതും മടുത്തു. വീട്ടിൽ നിന്ന് ഇടയ്ക്കിടെ മൂത്ത ഏട്ടൻ വിളിക്കും.അദ്ദേഹം മാത്രമേ എന്നും എന്നെ മനസ്സിലാക്കിയിരുന്നുള്ളൂ. ഓയിൽ കമ്പനിയിലെ ജോലിപോയതോടെ ഓടിക്കൊണ്ടിരുന്ന ജീവിതം ഇഴയാൻ തുടങ്ങി.... കുറച്ച് കഠിനമായിരുന്നെങ്കിലും അപ്പോഴത്തെ അവസ്ഥ അതായിരുന്നതുകൊണ്ട് ഞാൻ ചെയ്തു. ചില ദിവസങ്ങളിൽ രാത്രിയിലും ജോലി തുടർന്നു. ഇവിടത്തെ ചൂട് എന്റെ ശരീരത്തെ അട്ടിമറിച്ചിട്ടും ഞാൻ പിടിച്ചുനിന്നു. അങ്ങനെ ദിവസം കടന്നുപോയിക്കൊണ്ടിരുന്നുജീവിതം ഇഴഞ്ഞുകൊണ്ടിരുന്നു.

പല  കഠിനമായ പ്രതിസന്ധികൾ നേരിടേണ്ടിവന്നു.
അങ്ങനെയിരിക്കുമ്പോഴാണ്  പതിവില്ലാതെ വീട്ടിലെ ലാൻഡ്ലൈനിൽ നിന്ന് വിളിച്ചത്. ഞാൻ ധൈര്യത്തോടെ ഫോണെടുത്തു. നിറയെ അൾ ക്കൂട്ടങ്ങളുടെ ശബ്ദം.   എന്റെ ഏറ്റവും ഇളയ സഹോദരി ആയിരുന്നു. അവൾ ഒരു വാക്കേ പറഞ്ഞുള്ളൂ.  എന്റെ ചെവികൾ തരിച്ചുപോയിരുന്നു. ഞാൻ നാട്ടിലേക്ക്  തിരിച്ചു. അവിടെ എത്തുമ്പോൾ  ശാന്തമായ് കിടന്നിരുന്ന വീട്ടുമുറ്റം കടന്നൽക്കൂട്ടുപോലെ മാറിയിരിക്കുന്നു. അനക്കമില്ലാതെ കിടക്കുന്ന എന്റെ അച്ഛനെ കണ്ടപ്പോൾതന്നെ എന്റെ പാതി ജീവൻ അവിടെ ഉതിർന്നുപ്പോയിരുന്നു. വൈകാതെ  അച്ഛനെ സംസ്കരിച്ചു. ക്രിയകളൊക്കെ കഴിഞ്ഞു. അമ്മ ആ ഞെട്ടലിൽ നിന്ന് ഇനിയും പുറത്ത്  വന്നിട്ടില്ല. എന്റെ ലീവു കഴിയാറായി .അമ്മയെ ഈ ഒരു അവസ്ഥയിൽ വിട്ട്  വരാനും എനിക്ക്  മടിയായിരുന്നു. എങ്കിലും മനസ്സില്ലാമനസ്സോടെ ഞാൻ ഫ്ളൈറ്റ് കയറി. വീണ്ടും പഴയപോലെ ജോലിത്തിരക്കുകൾ. ട്രെയിൻ പോലെ ഞാൻ ഓടിക്കൊണ്ടേയിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ്  ജെസ്സി വരുന്നത്. അവൾ എന്റെ കമ്പനിയിലെ സൂപ്പർവൈസറുടെ മകളായിരുന്നു. അവൾ ആരോടും അധികം മിണ്ടില്ലായിരുന്നു. നാട്ടിൽ ബാങ്ക്  ജോലി കിട്ടിയെങ്കിലും പോകാതെ അച്ഛനെ നോക്കാൻ ഇവിടെ വന്നിരിക്കുകയാണ്. ഞങ്ങൾ പെട്ടെന്ന്  സുഹൃത്തുക്കളായി. ഞാൻ അറിയാതെ തന്നെ അവളെ ഇഷ്ടപ്പെട്ടിരുന്നു, ആ ശാന്തതയെയും . വൈകാതെ എനിക്ക്  പ്രമോഷൻ കിട്ടി. ഒരു അന്യമതക്കാരനാണെങ്കിലും ജെസ്സിയുടെ അച്ഛൻ എന്നെ സ്വീകരിച്ചു. ഈ കാര്യം വീട്ടിൽ അവതരിപ്പിക്കാൻ എനിക്ക്  മടിയായിരുന്നു. അങ്ങനെ അത്  നീണ്ടു. ഒരു ദിവസം അവൾ പറഞ്ഞു "അച്ഛന് വയസ്സായി. നമ്മുടെ കാര്യം സംസാരിക്കണം". ഒന്ന്  പതറിയ ഞാൻ വൈകാതെ അവളെ കല്ല്യാണം കഴിച്ചു. എന്റെ വീട്ടിൽ ആരോടും ഞങ്ങൾ ഈ കാര്യം പറഞ്ഞില്ല. അവൾ ആകെ തകർന്ന്  പോകുമോ എന്ന് പേടിച്ചു. അത്  കഴിഞ്ഞ്  രണ്ട്  മാസം കഴിഞ്ഞതും ജെസ്സിയടെ അച്ഛൻ ചാക്കോ മരിച്ചു. ഞാനും ജെസ്സിയും മാത്രമായി.... ജോലിത്തിരക്കിനിടയിൽ

വഴക്കുകളും തർക്കങ്ങളുമായി ജീവിതം മുന്നോട്ടുപോവാൻ ഇടറുന്നു എന്നു കണ്ട അവൾ എന്നെ വിട്ട് തിരിച്ച് നാട്ടിലേക്ക് പോയി. ഞാൻ തടുത്തില്ല. അങ്ങനെ ഞാൻ ഇവിടെ ഒറ്റയ്ക്കായി. ഏകാന്തതയിൽ മദ്യമെന്ന സുഹൃത്തിനെ കൂട്ടു പിടിച്ചു. കുറേ മാസം കഴിഞ്ഞു ,പിന്നെ അത് വർഷമായി. ഒരു ദിവസം വീട്ടിൽ നിന്നൊരു കോൾ, ഏട്ടനായിരുന്നു. അമ്മയ്ക്ക് തീരെ സുഖമില്ല. ഇന്നോ നാളയോ എന്ന മട്ടിലാണെന്ന്. എന്നെ കാണണമെന്ന് പറയുന്നത്രെ. അന്ന് രാത്രി ഞാൻ ഉറങ്ങിയതേയില്ല. രണ്ടു ദിവസം കഴിഞ്ഞ് പിന്നെയും വന്നു ഒരു കോൾ. അത് അറിയിച്ചത് അമ്മയുടെ മരണവാർത്തയായിരുന്നു. ഉടൻ തന്നെ ഞാൻ നാട്ടിലേക്ക് തിരിച്ചു. പോകുന്ന വഴിയിൽ ഞാൻ ചിന്തിച്ചത് എന്റെ സ്വാർ ത്ഥയെക്കുറിച്ചായിരുന്നു. അച്ഛനെ അവസാനമൊന്ന് കാണാൻ പറ്റിയില്ല, ഇപ്പോ അമ്മയെയും. ഞാൻ കരഞ്ഞുകൊണ്ടേയിരുന്നു.

വീട്ടിലെത്തിയപ്പോൾ അതാ മുൻ വാതിൽക്കൽ അമ്മ. കൈയ്യിലൊരു കുഞ്ഞും. ഞാൻ അതിശയിച്ചു. ഇനി ഇത് എന്റെ സ്വപ്നമാണോ എന്ന് പോലും ചിന്തിച്ചു. വേഗം ഞാൻ അമ്മയുടെ അടുത്ത് ചെന്നു. ഉരുണ്ടു വെളുത്തൊരു കുഞ്ഞ്. കുട്ടിയെ കണ്ടതും എവിടെന്നില്ലാത്ത ഒരു സ്നേഹം ഉയർന്നെഴുന്നേറ്റു. അമ്മ എന്നെ നോക്കി ചിരിച്ചു. പിന്നിൽ നിന്നതാ ജെസ്സി. അവൾ കുഞ്ഞിനെ എന്റെ കൈയിൽ തന്നു. കുറേയധികം ചോദ്യങ്ങളെല്ലാം എന്റെ മനസ്സിൽ ഉണ്ടായിരുന്നെങ്കിലും ആ കുഞ്ഞിനെ കണ്ടതും അതിനുള്ള ഉത്തരമെല്ലാം ലഭിച്ചു. എന്റെ മടക്കം എല്ലാവരേയും സന്തോഷിപ്പിച്ചു. അങ്ങനെ നാട്ടിൽ തന്നെ പച്ച പിടിച്ചു. നമ്മളൊരാളെ വിട്ടുപ്പോവുമ്പോഴുണ്ടാവുന്ന ആഘാതം വളരെ വലുതാണെന്ന് ഞാൻ തിരിച്ചറിഞ്ഞു....

# ഞാൻ  മലാല

ചോരച്ചുവപ്പിൽ  ഒരു താഴ്‌വാരം. യുദ്ധങ്ങളുടെ താഴ്‌വാരമായ 'സ്വാത്'. അവിടെ കറ പിടിച്ചിരിക്കുന്ന ഓരോ രക്തത്തുള്ളികൾക്കും പറയാനുണ്ട് തങ്ങളനുഭവിച്ച പീഡനങ്ങളുടെ കഥ. പാക്കിസ്ഥാനിലെ സ്വാത് എന്ന താഴ്വരയിലെ കഥയാണിത്. താലിബാൻ ഭീകരാക്രമണത്തിൽ ജീവൻ പൊലിഞ്ഞ എത്രയോ പേർ! മനുഷ്യന്റെ ഇറച്ചിക്കായി കണ്ണും നട്ടിരിക്കുന്ന കഴുകൻമാർ. തീവ്രവാദികൾ കൊന്ന ഒരുകൂട്ടം മനുഷ്യരെ മരങ്ങളിൽ കെട്ടിത്തൂക്കിയിരിക്കുന്നു. ഇതെല്ലാം 'സ്വാത്' ജനതയുടെ സ്ഥിരം കാഴ്ചകളാണ്. ഇതിനെല്ലാമിടയിൽ ഒരു കൊച്ചു ചോളപ്പൂവ്  'മലാല'. വളരെ ചെറുപ്രായത്തിൽ തന്നെ സമാധാനത്തിനുള്ള നൊബേൽ ലഭിച്ച ധീര വനിത. മലാല എന്ന പേരിനർഥം 'ദുരിതം നിറഞ്ഞവൾ' എന്നാണ്. പേരു പോലെ തന്നെയാണ് അവളുടെ ജീവിതവും. എങ്ങും തീവ്രവാദികളുടെ ഭീഷണികളും മരണഭയവും. ആകാശത്തു കൂടെ ചൂള മടിച്ചു പോകുന്ന ഹെലികോപ്ടറുകളുടെ ശബ്ദം അവളുടെ കാതിൽ എന്നും അലയടിച്ചു കൊണ്ടിരുന്നു. അവൾ മനസ്സിലുറപ്പിച്ചു. സ്വാത് താഴ്വര സ്വതന്ത്രമാവണം. അങ്ങനെ ബാല്യം വിട്ടുമാറാത്ത ആ പൈതൽ രഹസ്യമായി പൊരുതി. ഇതറിഞ്ഞ ഭീകരർ, സ്കൂളിലേക്കുള്ള യാത്രക്കിടയിൽ സ്കൂൾ വാനിൽ വച്ച് മലാലക്ക് നേരെ നിറയൊഴിച്ചു. അത്യാസന്ന നിലയിൽ അവൾ ആശുപത്രിയിൽ കിടന്നു. അന്ന് സ്വാത് ജനത മുഴുവനും അവളുടെ അതിജീവനത്തിനായി പ്രാർത്ഥിച്ചു. ഒടുവിൽ അവൾ തിരിച്ചെത്തി. പിന്നീടും അവൾ സ്വാത് സ്വാതന്ത്ര്യത്തിനായി പൊരുതി. ഒടുവിൽ അവൾ വിജയിച്ചു. അവൾക്ക് സമാധാനത്തിനുള്ള നൊബേൽ ലഭിച്ചു. മലാലയുടെ ജീവിതയാത്രയെക്കുറിച്ചുള്ള പുസ്തകമാണ് 'ഞാൻ മലാല'. ഇത് ഏവർക്കുമൊരു മാതൃകയാണ്.

ശ്രേയ. എം      VIII.E

# വിശപ്പ്

വിശപ്പേ , ഭിക്ഷയാചിക്കുന്ന യാചകരോടും
ഭിക്ഷാപാത്രം നീട്ടുന്ന കുരുന്നുകളോടും
നീ എന്താണ് ദയവ് കാണിക്കാഞ്ഞത് ?
അണിയാൻ കീറിയ വസ്ത്രമുണ്ടെങ്കിലും
ദൈവമേ, ഭക്ഷണം തരാഞ്ഞതെന്തേ ?
ജനിക്കുമ്പോൾ വിശപ്പില്ലാത്ത, അമ്മേയെന്നു കരയാനറിയാത്ത
അമ്മിഞ്ഞപ്പാലിന്റെ രുചിയറിയാത്ത
ജന്മം തന്നു കൂടേ നിനക്ക്
ദൈവമേ, നീയെന്തിന് വിശപ്പുള്ള ജന്മം നൽകി ?

അൻഷിഫ . എ

8 B

# എന്റെ രചനകൾ

## ഇരുട്ടിന്റെ  സന്തതി

സ്വപ്നങ്ങളെ അവൾ താഴിട്ടുവിലക്കി

സന്തോഷത്തെ ഉള്ളംകൈയിൽ

ചുരുട്ടിപ്പിടിച്ചു

ചിന്തകളെ ഉപേക്ഷിച്ചു

ചിരിയെ തടവിലാക്കി

സ്നേഹം എന്തെന്നറിഞ്ഞില്ല

ജീവിതം അഗ്നിക്കിരയാക്കി

ചാരം മൂടിയ

ഉള്ളിലെരിയുന്ന വികാരങ്ങൾ

ഇരുട്ടിൻെ സന്തതിയായ അവൾ

പ്രകടിപ്പിക്കാൻ എന്നേ മറന്നിരിക്കുന്നു.

മോഹങ്ങളെ വിദൂരതയിലാക്കി.

നിള.സി.ബി

8 .ഇ

## വെള്ളക്കടലാസ്

### കൈയ്യൊപ്പ്.

മഞ്ഞുതുള്ളിയിൽ തിളങ്ങുന്ന-

സൂര്യനോളം പ്രകാശമുള്ള,

നന്മയുടെ ഗന്ധമുള്ള,

ജീവിതപാഠം പകർന്നു നൽകുന്ന,

വീഴ്ചകളിൽ  താങ്ങാവുന്ന,
മിനുസമുള്ള തറയിൽ വീണ് ചിന്നിചിതറുന്ന
പവിഴമുത്തുകൾ പോലെ

മനസ്സിൽ സ്നേഹത്തിന്റെ പാഠം പകരുന്ന,

ജീവിതത്തിൽ വികാരങ്ങളുടെകടൽ സൃഷ്ടിക്കുന്ന ,
ഉയരങ്ങൾ കീഴടക്കുമ്പോൾ

വീഴ്ചകളെ ഓർമ്മിപ്പിക്കുന്ന,
പരാജയത്തിൽ വിജയത്തെ കാണാൻ

പഠിപ്പിക്കുന്ന ,

ഇരുണ്ട ആകാശത്തിലെ വെളുത്ത നക്ഷത്ര-
ങ്ങളെ കാണിച്ചുതരുന്ന വ്യക്തിയാണ്

നമ്മുടെ ജീവിതത്തിലെ യഥാർത്ഥ ഗുരുനാഥൻ.

നിള.സി.ബി
8 E

# ഓർമ

ആശുപത്രിയിലെ ആ മുറിയിൽ അയാൾ ശ്വാസം മുട്ടിക്കഴിയാൻ തുടങ്ങിയിട്ട് മാസം ആറായി. കഴിക്കുന്ന ഭക്ഷണത്തിനൊന്നും സ്വാദില്ല. എന്നാൽ അയാൾ വർഷങ്ങളോളം കഴിച്ചിട്ടുണ്ട് രുചികരമായ ഭക്ഷണം.അവളുണ്ടാക്കിത്തന്ന ആ ഭക്ഷണത്തിന്റെ സ്വാദ് അയാളുടെ നാവിൽ നിന്നും പോയിട്ടില്ല.അതുമാത്രമേ അയാൾക്കോർമ്മയുള്ളു.പിന്നെ തന്റെ കൂടെ 60 വർഷം ജീവിച്ച തന്റെ പ്രിയതമയുടെ മുഖവും,അവളുണ്ടാക്കിത്തന്ന ഭക്ഷണത്തെപ്പറ്റി ഒരിക്കലുമയാൾ നല്ലതു പറഞ്ഞിട്ടില്ല.എന്നാൽ അവ അയാൾക്ക് എത്രത്തോളം പ്രിയപ്പെട്ടതായിരുന്നെന്ന് അവൾക്കറിയാമായിരുന്നു. കാലം അയാളുടെ ഓർമകളെല്ലാം പെറുക്കിയെടുത്ത് ചവറ്റുകുട്ടയിലെറിഞ്ഞിരിക്കുന്നു. മക്കളെന്ന വ്യാജേന തന്നെ ആരൊക്കയോ നോക്കുന്നുണ്ട്. എന്നാൽ അവർ തന്നെ എത്രമാത്രം സ്നേഹിക്കുന്നു. . സ്വപ്നങ്ങളുടെ താഴ്വരയിലൂടെ അയാൾ എന്തൊക്കെയോ കാണുകയാണ്.അച്ഛാ,ഡോക്ടറു വന്നിട്ടുണ്ട്.വിളി അയാൾ അവ്യക്തമായി കേട്ടു.കണ്ണുകൾ തുറക്കാനാവുന്നില്ല.അച്ഛന് വിളിച്ചത് കേൾക്കുകയില്ലേ. മകളുടെ വിളിയുടെ കാഠിന്യം അല്പം കൂടിയോ?അയാളോർത്തു. അവളുണ്ടായിരുന്നെങ്കിൽ.....തന്റെ നേരെ പുഞ്ചിരിയോടല്ലാതെ അവൾ നോക്കുമോ?സ്നേഹത്തോടല്ലാതെ സംസാരിക്കുമോ. എന്തെങ്കിലും മറന്നാൽ,ദേഷ്യപ്പെടുമോ,ഇല്ലായിരിക്കും. സ്നേഹമെന്തെന്നറിഞ്ഞത് താൻ അവളിലൂടെയല്ലേ....ശ്രമപ്പെട്ട് അയാൾ കണ്ണുതുറന്നു.കാണുന്നതെല്ലാം അവ്യക്തം.തല കറങ്ങുന്നതുപോലെ. അയാൾ സാവധാനം കണ്ണടച്ചു.അവളെങ്ങോട്ടാ പോയേ....വരാൻ പറ.ഞാനിന്നലെ വിളിക്കാൻ പറഞ്ഞിട്ടെന്തായി. .അല്പം ശബ്ദമുയർത്തി അയാൾ മകളോട് ചോദിച്ചു അമ്മയെ കാണാൻ നാളെ നമുക്ക് പോവാം അച്ഛാ.അച്ഛനിപ്പോ കിടന്നോ.

2 വർഷം മുമ്പ് പോയതല്ലേ....അയാൾക്കത് ഒരിക്കലും തെറ്റാറില്ല. ഒരിക്കലവൾ പറഞ്ഞിട്ടുണ്ട്, ഒന്നിച്ച വേണം നമുക്ക പോവാൻ. അയാൾ ചോദിച്ച "എങ്ങോട്ട്?". എങ്ങോട്ടായാലും.

പിന്നെന്തെ തന്നെ തനിച്ചാക്കി അവൾ നേരത്തേ പോയ്ക്കളഞ്ഞത്. ഇതിനാണ് അയാൾക്ക് ആകെ അവളോട് ദേഷ്യം തോന്നിയത്.അയാളുടെ കണ്ണിലൂടെ കണ്ണീര് ഒലിച്ചിറങ്ങി.അവളാണ് തന്റെ എല്ലാം. അയാൾ ഇടയ്ക്കിടെ പറയും.അന്നാച്ചെക്കന് എന്തിനാ അവളുടെ പടം ചുവരില് തൂക്കിയത്.അതില് താനില്ലായിരുന്നല്ലോ.അവൾക്കത് കണ്ടാലിഷ്ടാവില്ല.അയാൾക്കത് തീർച്ചയാണ്.ഇടയ്ക്ക് മാലയുമിട്ടും,ആ പടത്തില്,അതും മുല്ലപ്പൂ.അവൾക്കിഷ്ടം റോസാ.എനിക്ക പോണം.അയാളാരോടെന്നില്ലാതെ പറഞ്ഞു.എങ്ങോട്ടാ,അച്ഛനു പോണ്ടേ.മൊബൈൽ ഫോണിൽ നിന്നും കണ്ണെടുക്കാതെ അയാളുടെ മകൾ ചോദിച്ചു.അതിനയാൾ ഉത്തരം പറഞ്ഞില്ല.പറഞ്ഞാലും തന്നെയവർ കൊണ്ടുപോവില്ല.പോവാൻ സമ്മതിക്കുകയുമില്ല.ഞാനൊറ്റയ്ക്ക് പോവും അവളുടെ അടുത്തേക്ക്.ഒരു പക്ഷേ തന്നെ അവൾ കാത്തിരിക്കുകയായിരിക്കും,തനിച്ച്.അയാൾ കാത്തിരിക്കുകയാണ് അവളുടെ അടുത്തേക്ക് പോവാൻ.തങ്ങളുടെ ലോകത്തിൽ ഒന്നിച്ചിരിക്കാൻ.അവളെ ഒന്നു കാണാൻ.ഇനിയും ഒരു ജന്മം ഒന്നിച്ച ജീവിക്കാൻ.

നിള.സി.ബി

8.ഇ



# പ്രകാശം പരത്തുന്ന കഥകൾ

നോവലുകളെഴുതാതെ ചെറുകഥകളെഴുതി പ്രശസ്തനായ മലയാളത്തിന്റെ പ്രിയകഥാകാരനായ ടി.പത്മനാഭന്റെ പ്രശസ്തമായ ഒൻപത് കഥകളടങ്ങുന്ന പുസ്തകമാണ് നവരസകഥകൾ. ശേഖൂട്ടി,ശത്രു,ഇരുട്ട്,മഖൻസിങിന്റെ മരണം,പഴയ തൊപ്പികൾ, കടയനൂരിലെ ഒരു സ്ത്രീ,പ്രകാശം പരത്തുന്ന കഥകൾ, ഹാരിസൺ എന്നീ കഥകളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. ഇതിലെ ഓരോ കഥയും നമ്മിൽ പല ചിന്തകളും ഉണ്ടാക്കുന്നു. ഭാവനയുടെ പല തലങ്ങളിലേക്ക് കൊണ്ടുപോകുന്നു.

ടി. പത്മനാഭന്റെഏറ്റവും ശ്രദ്ധേയമായ കഥ പ്രകാശം പരത്തുന്ന പെൺകുട്ടിയാണ്. ഒരു മനുഷ്യനെ ആത്മഹത്യയിൽ നിന്നും പിന്തിരിപ്പിക്കുവാൻ ഒരു കൊച്ചുകുട്ടിക്കാവുന്നു. ആത്മഹത്യയിൽ നിന്നും പിന്തിരിപ്പിക്കുക മാത്രമല്ല, അയാൾക്ക് ജീവിക്കുവാനുള്ള ഒരു പ്രേരണയും ആത്മവിശ്വാസവും സ്നേഹവും അവൾ നൽകുന്നു. നാളുകൾക്കു ശേഷം അവളെക്കണ്ടപ്പോൾ അയാളോർക്കുന്നു അയാളെ ആരും സ്നേഹിക്കുന്നില്ല. അയാൾക്ക് ജീവിതത്തിൽ സ്വന്തമായു ഒന്നുമില്ല. ആത്മഹത്യയെപ്പറ്റി അയാൾ ചിന്തിച്ചു. തന്നെ സ്നേഹിച്ചിരുന്ന ഏതാനും പേരെ പോയിക്കണ്ടു. മുൻപു നടന്ന വഴികളിലൂടെ വീണ്ടും നടന്നു. ഒടുവിൽ സിനിമ തിയേറ്ററിനു മുന്നിലെത്തി. ആത്മഹത്യക്കു മുൻപ് സമയം

ചിലവിടാൻ അയാൾ തിരഞ്ഞെടുത്തത് അവിടമാണ്.അപ്പോൾ സിനിമാതിയേറ്ററിലേക്ക് ഒരു കൊച്ചു പെൺകുട്ടി തന്റെ രണ്ട് സഹോദരങ്ങളോടോത്ത് വന്നു. ശബ്ദകോലാഹലങ്ങളുമായി അവർ അയാളുടെ അടുത്ത് സ്ഥാനം പിടിച്ചു. ആദ്യം അവരോട് അയാൾക്ക് നീരസം തോന്നിയെങ്കിലും പതിയെ അതുമാറി.

അവൾ ആ ഇംഗ്ലീഷ് സിനിമ വളരെ നന്നായി ആസ്വദിച്ചിരുന്നു. ആ പെൺകുട്ടി അയാളോട് ആ സിനിമയുടെ കഥയെന്ത് ചോദിച്ചു. ആ മനുഷ്യന്റെ വേഷവും രൂപവും കണ്ടാലാർക്കും തോന്നാത്ത ഒരു കാര്യമാണ് അയാളോടവൾ ചോദിച്ചത്.

ആദ്യമായാണിതുപോലെയൊരംഗീകാരം അയാൾക്കു ലഭിച്ചിരുന്നത്. അവൾ അയാൾക്ക് മിഠായി നൽകി. അവളുടെ നിഷ്കളങ്കതയും സ്നേഹവും കരുതലും ആ മിഠായിലുണ്ടായിരുന്നു. വർഷങ്ങൾക്കുശേഷം കടൽ തീരത്തുവച്ചവളെ കാണുമ്പോൾ അയാൾ ഓർമ്മയുടെ അറകളിൽ നിന്നും പഴയ ഓർമ്മകൾ ചികഞ്ഞെടുക്കുകയായിരുന്നു. അനാഥനായ ഒരു ബാലന്റെ കഥയാണ് 'ഇരുട്ട്'. അവഗണനയും ഏകാന്തതയും നിറഞ്ഞ ജീവിതമാണ് അവന്റേത്. ഒറ്റപ്പെട്ടു പോകുന്ന ഇരുട്ടിന്റെ സന്തതികളായ ഓരോ കുട്ടിയുടെയും കഥയാണ് ഇരുട്ട്.

കലാപങ്ങളുടെ ഭൂമിയായ പഞ്ചാബിലെ ജനത ഒരുകാലത്തനുഭവിച്ചിരുന്ന ഒറ്റപ്പെടലിൻ കഥയായി മഖൻസിങിൻെറ മരണം എന്ന കഥയെ വിശേഷിപ്പിക്കാം. മഖൻ സിങാണ് ഈ കഥയിലെ കേന്ദ്രകഥാപാത്രം. കലാപത്തിൽ രക്ഷിതാക്കളെ അയാൾക്ക് നഷ്ടമായി. ഭാര്യ ജീവിച്ചിരിപ്പുണ്ടോ എന്നറിയില്ല. തന്റെ ഇതേ അവസ്ഥ അനുഭവിക്കുന്ന ഒരമ്മയെയും മകളെയും മഖൻസിങ് സഹായിക്കാൻ

ശ്രമിക്കുന്നു. നിസ്സഹായനായ അയാൾ കടുത്ത മാനസിക സമ്മർദ്ദത്തിലേർപ്പെട്ട് മരണത്തിന്റെ കയത്തിലേക്ക് വീഴുന്നു. ഒരു കാലത്തെ പഞ്ചാബികളുടെ കഥയാണ് ഇത്. ഒറ്റപ്പെട്ട് കഴിയുന്ന ഒരു സ്ത്രീയുടെയും പുരുഷന്റെയും കഥയാണ് കടയനൂരിലെ ഒരു സ്ത്രീയിൽ പറയുന്നത്. അവർക്ക് തമ്മിലുണ്ടാകുന്ന സ്നേഹവും സൗഹൃദവുമാണ് കഥയുടെ പ്രമേയം. സൗഹൃദമാണ് ജീവിതത്തെ മനോഹരമാക്കി തീർക്കുന്നത്. മൃഗങ്ങൾ കേന്ദ്രകഥാപാത്രമായി വരുന്ന പല കഥകളുമുണ്ട്. ശേഖൂട്ടിയും വെള്ളപ്പൊക്കത്തിന്റെ പൊക്കത്തും, പൊൻകുന്നം വർക്കിയുടെ ശബ്ദിക്കുന്ന കലപ്പ തുടങ്ങിയ കൃതികളുടെ കൂട്ടത്തിൽ ശേഖൂട്ടിയും ഇടം നേടിയിട്ടുണ്ട്. ടി പത്മനാഭന്റെ വ്യത്യസ്തമായൊരു കഥയാണ് നായ കേന്ദ്രകഥാപാത്രമായ ശേഖൂട്ടി.

ലളിതാംബിക അന്തർജ്ജനം പുരസ്കാരം, എം.പി.പോൾ പുരസ്കാരം, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, ഓടക്കുഴൽ അവാർഡ്, വയലാർ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ള ഈ കഥാകാരന്റെ എക്കാലത്തേയും മികച്ച കഥകളാണ് ഇവ. മലയാള സാഹിത്യ ലോകത്തിന് ലഭിച്ച നിധിയായി ടി. പത്മനാഭന്റെ കൃതികളെ വിശേഷിപ്പിക്കാം...

**നിള.സി.ബി**

# ആൽക്കെമിസ്റ്റ് ജീവിതത്തിന്റെ നേർക്കാഴ്ച്ച

സ്പെയിനിലെ ആൻഡലൂസിയയിലെ വെറുമൊരു ആട്ടിടയനായ സാന്റിയാഗോയുടെ സ്വപ്ന ദർശന-ത്തിന്റ പ്രേരണയിൽ നടത്തുന്ന യാത്രയാണ്.പ്രശസ്ത ബ്രസീലിയൻ സാഹിത്യകാരൻ പൗലോ കൊയ് ലോയുടെ 'ആൽക്കെമിസ്റ്റ് എന്ന പുസ്തകത്തിലെ പ്രമേയം.ഐഹിക ജീവിതത്തിന് ദൈവികസൗന്ദര്യം നൽകുന്ന വഴിയാണ് പൗലോ കൊയ് ലോയുടേത്. ജീവിതത്തിലൂടെ സന്ദേഹിയായ മനുഷ്യൻ നടത്തുന്ന തീർ ഥയാത്ര.

ഈജിപ്തിലെ പിരമിഡുകൾക്കടുത്ത് ഒരു നിധിയുള്ളതായി പലവട്ടം കാണുന്ന സ്വപ്നം സഫലമാക്കാനായി ഒരു ദീർഘയാത്ര.ഈ ജീവിതയാത്രയിൽ സാന്റിയാഗോയെ സഹായിക്കാനായി സലേമിലെ മെൽഷിഡേക്ക് എന്ന വൃദ്ധരാജാവ് എത്തുന്നു.സാന്റിയാഗോയ്ക്ക് അദ്ദേഹം യൂറീം,തുമ്മീം എന്നീ രണ്ടു കല്ലുകൾ നൽകുന്നു. മുന്നോട്ടുള്ള യാത്രയിൽ അതു പ്രയോജനപ്പെടുമെന്നുംഉറപ്പ നൽകുന്നു.ആ യാത്ര ആരംഭിക്കുകയാണ്.

കടൽ കടന്ന് ആഫ്രിക്കയിലെ ഈജിപ്തിലേക്ക് ആഫ്രിക്കയിലെത്തുന്ന സാന്റിയാഗോ ജീവിതത്തിലെ അനുഭവ അറിവുകൾ നേടുന്നു.അവിടെ ഭാഷ ഒരു തടസ്സമാവുന്നില്ല .ഈ ലോകത്തിലെ എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്ന ഭാഷ ഉദ്ദേശശുദ്ധിയുടെയും ഉത്സാഹത്തിൻെറയും സ്നേഹത്തിൻെ റയും ആണെന്ന് അവിടത്തെ ജീവിതത്തിലൂടെ തെളിയുന്നു.ഈജിപ്തിലേക്കു പോകുന്ന ഒരു സംഘത്തിന്റെ കൂടെയാണ് സാന്റിയാഗോയുടെ യാത്ര.നിമിത്തങ്ങളെയും മകത്തുബി(വിധി)നെയും ആശ്രയിച്ച് കാര്യങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ടുള്ള യാത്ര. ഒടുവിൽ മരുപ്പച്ചയിലെത്തുന്ന സാന്റിയാഗോ ആൽക്കെമിസ്റ്റിന്റെ ശിഷ്യനായി മാറുകയാണ്. മരണമില്ലാത്ത ഏതുലോഹത്തെയും സ്വർണമാക്കിമാറ്റാൻ കഴിവുള്ളവരാണ് ആൽക്കെമിസ്റ്റുകൾ. പ്രകൃതിയുമായി സംസാരിക്കാനും സാന്റിയാഗോ പഠിക്കുന്നു.എല്ലാവർക്കും ആ കഴിവ് നേടാം. പ്രകൃതിയിൽ അലിഞ്ഞു

ചേർന്നാൽ , ആത്മധൈര്യം കൈമുതലാക്കിയാൽ.

ഒടുവിൽ ആൽക്കമിസ്റ്റിന്റെ വിദ്യ സ്വായത്തമാക്കി 'പിരമിഡുകൾക്കടുത്തുള്ള നിധി' അവൻ കണ്ടെത്തുന്നു.ഈ ലോകത്തിൽ വളരെക്കുറച്ച് പേർമാത്രമേ അവരവരുടെ ലക്ഷ്യം തിരിച്ചറിഞ്ഞ് അതു നേടാനായി പ്രയത്നിക്കുന്നുള്ളൂ.അവർ ജീവിതത്തിൽ ഒരു പടി ഉയരുന്നു എന്ന് പുസ്തകത്തിൽ കുറിച്ചിട്ടുണ്ട് ശരീരം പറയുന്നത് അനുസരിക്കാതെ ഹൃദയം മന്ത്രിക്കുന്നത് ശ്രവിക്കുക.അതിനനുസരിച്ച് പ്രവർത്തിക്കുക.നിയോഗമനുസരിച്ച് ജീവിക്കുക.ഈ കഥയിൽ സാന്റിയാഗോ തന്റെ ആടുകളെ വിറ്റ് ഉണ്ടാക്കിയ സമ്പാദ്യം ആഫ്രിക്കയിൽ വച്ച് മോഷ്ടിക്കപ്പെട്ടുമ്പോൾ,അത് തന്റെ നിയോഗമായി കാണുന്നു.കൂടുതൽ നേടാനായി പരിശ്രമിക്കുന്നു.സ്ഫടികപാത്രക്കടയിലെ സാന്റിയാഗോയുടെ താൽക്കാലിക ജോലി അവനെ പലതും പഠിപ്പിക്കുന്നു.ചില്ലുപാത്രം പോലെയാണ് ജീവിതം.ലക്ഷ്യം തിരിച്ചറിഞ്ഞ് അത് നേടാനായി പ്രയത്നിച്ചാൽ മാത്രമേ ജീവിതം ഫലപ്രദമാകൂ എന്നും പൗലോകൊയ്‌ലോ അഭിപ്രായപ്പെടുന്നു.സ്നേഹം മനുഷ്യനിലെ നന്മയെ ഉത്തേജിപ്പിക്കുന്നു,മുന്നേറാനുള്ള പ്രേരണ നൽകുന്നു.ഇത്തരത്തിൽ വായനക്കാരന്റെ ജീവിതത്തെയാകെ മാറ്റിമറിക്കുന്ന വിസ്മയത്തിന്റെ ലോകമാണ് ഈ പുസ്തകം.ജീവിതത്തിൽ മുന്നേറാനുള്ള ഒരു മാർഗദർശിയാണിത്. 'ആൽക്കമിസ്റ്റ് 'എന്ന ഈ പുസ്തകത്തിലൂടെ വിജ്ഞാനത്തിലേക്കുള്ള കിളിവാതിൽ പൗലോ കൊയ്‌ലൊ തുറന്നിടുകയാണ്.ലോക-സാഹിത്യത്തിൽ ഈ പുസ്തകം അനശ്വരമായ ഒരു വിളക്കായി മാറും.

ജ്വാല.എസ്

VIII.എ

# എരിഞ്ഞടങ്ങിയപോരാളി

സ്വാതന്ത്ര്യം അവന് ഒരാവശ്യമായിരുന്നു,

ആഗ്രഹമായിരുന്നു......

ഉള്ളിലെ അടങ്ങാത്ത

തീജ്വാലയായിരുന്നു.

പ്രായമതിന്നാവേശമെന്ന്

മൂത്തവർ പറഞ്ഞുതള്ളി.........

പക്ഷെ അവനതാവശ്യമായിരുന്നു...

ഒരു നാടിനു കാവലായ്

ഒരു നല്ല നേതാവായ്

പൊരുതിനിന്നു അവൻ ശക്തിയോടെ.......

ചോരയിൽ കുരുത്തവൻ...

ചോരനീരാക്കിയവൻ...

ഒടുവിൽ.........

കരിപുരണ്ട മനസ്സും

തീ ശമിപ്പിക്കാനുതകുന്ന

ശക്തിയും ചേർന്ന്

ഒന്നിച്ചൊരുപിടി ചാരത്തിൽമൂടിയ

കനലാക്കിമാറ്റിയില്ലേ അവനേ....

മാളവിക.എ,

8. ഇ

## കുട്ടിക്കാല ഓർമ്മകൾ

(ഓർമ്മക്കുറിപ്പ്)

ബാല്യം എന്നത് സ്വർഗതുല്യമാണ്. ഈ സ്വർഗീയാനുഭവം കടന്ന് പോയാൽ നമുക്ക് പിന്നീട് തിരിച്ചെടുക്കാൻ കഴിയില്ല. എനിക്കും ധാരാളം അനുഭവങ്ങളുണ്ട്. ഞാനും കൊച്ചനുജനും തമ്മിൽ ധാരാളം വഴക്കിടുകയും ഒത്തൊരുമിച്ച് കളിക്കുകയും ചെയ്യും . മാങ്ങയോ, നെല്ലിക്കയോ, കൊയ്യാക്കയോ പറിക്കുമ്പോളെല്ലാം ഞങ്ങൾ ഒരുമിച്ച് നിൽക്കും . അവൻ പുറത്ത് വഴക്കിട്ട് വന്നാൽ എന്നോടായിരിക്കും അത് ആദ്യം വന്ന് പറയുക. അങ്ങനെ മരങ്ങളിലെ ഇലകൾ തമ്മിൽ കൂടിനിൽക്കുന്നതുപോലെ ഞാനും എൻ്റെ കൊച്ചനുജനും പരസ്പരം സ്നേഹിച്ചും കളിച്ചും നിൽക്കും . ഞങ്ങൾ അമ്മയെക്കാണാതെ മാങ്ങ പറിച്ച് ഉപ്പും മുളകും ഇട്ട് അച്ചാറിടുമ്പോൾ അമ്മ ഞങ്ങളെ അറിയാതെ പിന്നിൽ വന്ന് നിന്ന് തല്ലുന്നതും ഞാൻ ഓർക്കുന്നു . ഒരിക്കൽ ഞങ്ങൾ കടൽ കാണാൻ പോയപ്പോൾ കടൽത്തീരത്തുള്ള മണലിൽ വീട് നിർമ്മിച്ചതും, കടലമ്മ വന്ന് തിരമാലകളാൽ അതിനെ കടലിലേക്ക് കൊണ്ടുപോയതും എല്ലാം ഞാൻ ഓർക്കുന്നു . ഞാനും എൻെറ കൊച്ചനുജനും ചേർന്ന് നട്ട ചെടിയിൽ പൂക്കളും പഴങ്ങളും വളർന്നു. ഭംഗിയുള്ള പക്ഷികൾ വന്ന് അവ കൊത്തി തിന്നുമ്പോൾ ഞങ്ങൾ അത് കണ്ട് രസിച്ചു നിൽക്കും. ബാല്യത്തിൽ സ്വർണ്ണം വാങ്ങി കഴുത്തിലോ  കാതിലോ ഇടുന്നതിനേക്കാൾ രസവും

തനിമയും സന്തോഷവും ആ പഴങ്ങൾ കഴിക്കുമ്പോഴുണ്ടാകും. ബാല്യത്തിൽ ഞാൻ പഠിച്ച് ട്രോഫി വാങ്ങി കൊണ്ടു വരുമ്പോൾ എനിക്ക് സന്തോഷമുണ്ടാകും . എന്നാൽ ഞാൻ സന്തോഷിക്കുമ്പോൾ മാത്രം എൻെറ അമ്മയുടെ മുഖത്ത് സന്തോഷം കാണാൻ സാധിക്കില്ല . തൻ്റെ മകൻ പഠിത്തത്തിൽ ശ്രദ്ധിക്കാത്തതാണ് കാരണം . ഞാനോ അനിയനോ സന്തോഷത്തോടെ അമ്മയുടെ അടുത്ത് വന്ന് നാളെ കഥാപുസ്തകം സകൂളിൽ വരുമെന്ന് പറയുമ്പോൾ അമ്മ പറയും "മക്കളെ എൻെറ കൈയ്യിൽ കാശില്ല. അതുകൊണ്ട് എനിക്ക് നിങ്ങൾക്ക് കഥാപുസ്തകം വാങ്ങിത്തരാൻ കഴിയില്ല " അപ്പോൾ പൂ വാടിപ്പോകുന്നതുപോലെ സ്വന്തം മുഖവും മനസ്സും വാടിപ്പോകും . എന്നെ തേൾ കുത്തിയപ്പോൾ എന്നെ സ്നേഹിക്കുന്ന ബന്ധുമിത്രാദികളുടെ സൂര്യപ്രകാശത്താൽ ജ്വലിക്കുന്ന മുഖം വാടിയത് ഞാൻ ഓർത്തുപോകുന്നു . അമ്മയുടെ മടിയിലും, തൊട്ടിലിലും, ആ സാരിയിലും ഉറങ്ങിക്കിടന്നതും മഴയത്ത് കളിച്ചതും, കുളിച്ചതും, മഴയത്ത് കുട പിടിച്ച് നടക്കുമ്പോൾ ആ മഴയമ്മ കാറ്റിലൂടെ എൻെറ കുട പറത്തി എടുത്തതും അമ്മ ചീത്ത പറഞ്ഞതും നായയെ കല്ലെടുത്ത് എറിഞ്ഞതും കോഴിയെക്കണ്ട് ഓടിയപ്പോൾ കോഴി എന്നെ ചുറ്റിയതും ഞാൻ പേടിച്ചതും എൻെറ കൂട്ടുകാരുമൊത്ത് കുട്ടികൾക്ക് ഇഷ്ടമുള്ള എൻെറ സ്കൂളിലെ കൊടുക്കാപ്പുളി മരത്തിൽ നിന്ന് മധുരമുള്ള കൊടുക്കാപുള്ളി വലിച്ചപ്പോൾ ടീച്ചർ തല്ലിയതും കൂട്ടുകാരുമൊത്ത് മരച്ചുവട്ടിൽ നിന്ന് പൊത്തിക്കളിക്കുമ്പോൾ ഞാൻ കള്ളക്കളി കളിച്ച്

ജയിച്ചപ്പോൾ  സ്നേഹമുള്ള കൂട്ടുകാർ എന്നോട് വഴക്കിട്ടതും ഈ രസകരമായ കുട്ടിക്കുസൃതികൾ എല്ലാം ഇനി എത്രയായാലും തിരിച്ച് വരില്ലെന്ന് ഓർത്ത് ഞാൻ അതിയായി ദുഃഖിക്കുന്നു . കൂട്ടുകാരേ, നമ്മളുടെയല്ലാം ബാല്യം എന്നത് ജീവൻ പോയാൽ തിരിച്ച് കിട്ടാത്ത പോലെയാണ് നമ്മുടെ മധുരവും സന്തോഷവും നിറഞ്ഞ ബാല്യകാലം . നമ്മുടെ ബാല്യം എന്നത് കളിക്കാനും രസിക്കാനും ഉള്ളതാണ് . അല്ലാതെ വഴക്ക്കൂടി മാതാപിതാക്കളേയും മറ്റാരേയും മാനിക്കാതെ തെറ്റുകൾ ചെയ്ത് ബാല്യകാലം രസിക്കരുത് . ബാല്യകാലം നന്മയുടെ അവകാശമാണ് . അങ്ങനെ എന്റെ ബാല്യകാലം ഒരു ട്രെയിൻ പോലെ എത്ര വേഗത്തിലാണ് പോകുന്നത് , എന്നാൽ നമുക്ക് അതിന്റെ ഉള്ളിലായിരിക്കുമ്പോൾ പതുക്കെ പോവുന്നതുപോലെ തോന്നും . അതുപോലെയാണ് എൻെ ബാല്യകാലവും കടന്നു പോയത്.

ഫർസാന

# വിദ്യാരംഗം കലാസാഹിത്യവേദി



ജാനകി ജിനപ്രസാദ്



അനശ്വര പി പങ്കജ്

പുസ്തകാസ്വാദനത്തിൽ അനശ്വര.പി.പങ്കജും കാവ്യാലാപനത്തിൽ ജാനകി ജിനപ്രസാദും വിദ്യാരംഗം കലാസാഹിത്യവേദിയുടെ സംസ്ഥാനതലത്തിൽ പങ്കെടുക്കാനുള്ള അർഹത നേടി.

# चार्ली चाप्लिन

सार चार्लस स्पेनसर चाप्लिन का जन्म **16** अप्रैल **1889** को हुआ। चाप्लिन विश्व के बडे कलाकारों में  है। वे हास्य आभिनेता,फिल्म निदेशक,संगीतज्ञ फिल्म निर्माता आदि के रूप में मशहूर थे। अमेरिका सिनेमा के क्लासिकल हाँलीवुड युग के प्रारंभ से मध्य तक उनका योगदान रहा। एक शिशु कलाकार से लेकर **88** वर्ष की आयु तक वे इस क्षेत्र मे सक्रिरय रहे। **25** दिसंबर **1997** को महान कलाकार का निधन हुआ।

माँडेन टायिमस,दि ग्रेट डिटेक्टर दि किड,सिटी लायिटस ,सरकस आदि कई फिल्में विश्व भर के लोग अध्ययन और मनोरंजन के लिये देखते है।

# प्यारी प्यारी मेरी माँ

प्यारी मेरी माँ

प्यारी प्यारी मेरी माँ

न्यारे न्यारे जाग से न्यारी माँ ।

लोरी रौ सुनाती हे,

चुपकि दे सुन ती हे ।

जब तारे आँगन में धुप,

प्यार से मुझे जगाती है ।

देती चीजें सारी माँ

प्यारी प्यारी मेरी माँ /

ऊँगली पकड चलाती है,

सुबह-श म घुम ती है ।

ममता भरे है हाथों से

ख न रो जखिल ती है ।

देवी जैसी मेरी माँ ,

सारे जाग से न्यारी माँ.....

अखिला.के 9.G

# महत्व वचन

गरीबी बदह्ला ला अैार अंासु अंोको सब के हं सा य अैार बने कँा मे डेे बा दश ह ।

किसी का सच्चा चरित्र तभी पता चलता है जब वो नशे में हो।

जिदगी बदिया हो सकती है अगर लोग आपको अकेला छोड दें।

मैं ऐसी सुंदरता के साथ धैर्यपूर्वक नहीं रह सकता जिसे समझने के लिए किसी को प्रप्य करनी पडे।

ये बैडहम दुनिया है और इसका सामना करने के लिए तुम्हें भी बेटहम होगा।

मेरा दर्द किसी के हंसने का कारण हो सकता है, लेकिन मेरा हंसी कभी भी किसी के दर्द का कारण नहीं होनी चाहिए।

हँसना टोनिक है राहत है,दर्द रोकने की दवा है।

इंसाने की नफरत खत्म हो जाएगा,तलाशाह मर जायेगे और जो शाकित उन्हेंने लोगों के पास वापस चली जायेगी,और जब तक लोग मरते रहेंगे,स्वतंत्रता कभी खत्म नहीं होगी।

किसी आदमी का असली चरित्र तब सामना

आता है जब वो नशे में होता हैं।

अरचना.टि

10.D

# माँ की कविता

माँ और माँ का निराला

उसने ही है मुझे रम्भाला

मेरा मम्मी बडी प्यारी

मेरी मम्मी बडी निराली

क्या मैं उनकी बात बतु

सोचू उन्हे  कैसे जान पा

सुबह सुवेरे मुझे उठती

कृष्ण कह कर मुझे जगाती

जल्दी से तैयार मैं होता

उसके कारण स्कुल जा पाता

स्कूल से आते ही खुश होता

जब मम्मी का चहेरा दिखता

पोष्टिक भोजन मुझे खिलाती

गृह कार्य भी पूरा करवाती

माँ और माँ का प्यार निराला

पर मैं करता गड.बड. घोटाला

जब मैं करता कोई गलती

समझातै की कोशिश करती

लुटाती मुझे से अधिक दुलार

मुझे पर गुस्सा जब है आता

दो मिनट में उड. भी जाता

मेरा मम्मी मेरी जान

रखती मेरा पूरा ध्यान

माँ और माँ का प्यार निराला

असने ही है मुझे सम्भाला

अखिला-के

9.G

# पहला स्वंतंत्राता संगाम (पहली जनकंति)

सिपाही स्वत्राता संगाम का प्रांभ मेरठ से 10 मई 1857 को

हुआ लेकिन इसके पहले ही बहरामपूर और बैरकपूर की छावनियों के सैनिकों में असंतोष के लक्षण प्रकट हो चुके थे।28 मारच 1857 को मंगलपाडे नामक भारतीय सैनिक ने एक अंगेजी पदाधिकारी को मार डाला। इस समय जो विद्राह हुआ वह जल्द ही दब दिया गया था।

इस क्रांती के राजनीतिक ओर धारमिक कइ कारण थे। लाँड डलहौसी द्वारा गोद प्रथा का अंत तथा ऐसे राज्यों को कुशासन के बहाने हड.पने की नीति से भारतीय राज्यों के शासको को अपने सिंहसन बचाने की चिंता पीडित करने लगे। नाना साहेब,तांतया तोपे,झांसी की रानी लक्ष्मीबाई आदि ने गिदोह को संगठित करने में प्रमुख एंव सक्रया भाग के राजनीतिक,सामाजिक और धारमिक काई कारण लिया।लक्ष्मी बाई ने अंतिम पल तक अंगरोसों से धीरता पूरवक युदध मनकिया। इस विद्रोह के प्रमुख नेता अहम्मद साहेब,कुंठर सिंह,मुगल बारदुरशाह आदि थे। बिटिश सरकार ने अपने पूरी शक्ति लगाकर इस आंदोलन को क्रचल डाला

# मेहमान

मेहमाने यह वही शब्द हे जो हमारे मन में कभी खुशी या कभी गम पैद कर देते हैं।

मेरे घर मे यह शब्द खुशी काश एक ईतवार का दिन! दोपहर की तपती गर्मी में हल्की हवा बडा सुख दायक रहा।

माताजी और धन्नु (करीब पचास साल की मेरे घर की कामवाली) छोटी छोटी बाते करने बैठे थे।रसोई की.खिडकी से बाहर बगीचे का नज़ारा बहुत अच्छा लगा रहा था।

दोपहर धन्नु के लिए वह समय था,जिसमें हम दोनों बातें करते करते बैठ जाते थे।वह शायद उसी समय की प्रतीक्षा में बैठती थी।बातें करने में वह बहुत मस्त हैं।उसकी आवाज़ कुछ मोटी हैं।उसका पति दारु पीता ह।दो बैटे हैं वे भी पिता के राह पर चलनेवाले रहे।एक बेटी है जो शहर के किसी दुकान में काम करती है।आज उसने बहु और पोत की बातें करने लगी उसे बच्चों से बहुत प्यार है।अपने पोत के बारे में बताने के लिए उसे हज़ारों जीब है।

माँ-पिताजी के आराम करने तक वह माँ की प्रतीक्षा में बेठी रहती है।स्कूल की जब छुट्टी होती है,मेरा समय धन्नु से बातें करने में कट जाती है। इतने में कपटे सुखाने डालनेवाली रस्सो में एक छोटी चिडिया आ बैठी।उसके पीछे और भी दो चिडियाँ आ। वे आसपास की निगरानी करने लगे।उनमें से एक नीले रंग का और बाकी दोनों काले रंग के थे।उनके चोछ बहुत लंबे थे।दोनों केले के पेड पर बैठे रहे।फिर चले गए।हमारा ध्यान उन चिडियों पर ही था।कुछ देर बाद वे फिर से आए तब वे चोंछ में कुछ लाए भी थे।कपडे सुखानेवाली रस्सी में वे उन चीज़ों को छिपकाने लगे।

बार बार यही करते रहे।दूसरे दिन भी यही काम जारी थी।वे अपना घोंसला बना रहे थे!!!!!

करीब एक हफते के अंदर घोंसला बन गया।उसमें दो चिडियाँ आराम से रह सकती थीं।हमारा भी यही काम बन गया कि जब भी. चिडियों की आवाज़ सुनते हैं,हम चुपचाप उस घोंसले पर नज़र डालते थे।एक दिन दोनों. चिडियों के साथ नीली. चिडिया भी आ गई।वह घोंसले के अंदर घुस गई।बाहर,पीछे सब जगह घोंसले की

सुरक्षा पर निगरानो करने लगी।शायद वह चिडियों के 'इंजनीयर' होगी।सब कुछ देख लेने के बाद कुछ आवाज़ निकालकर वह चली गई।दोनों चिडियों को घर की"फिटनस" मिल गई होगी।दूसरे दिन से वे घोंसले पर बैठने लगे।एक बाहर जाकर खाना लाएगा और दूसरे को खिलाता रहा।बीच में नीली. चिडिया भी आ गई।हम बहुत खुशा थे कि हमारे घर पहले बार एक घोंसला बना हैं।हम भी घोंसले की ख्याल रखने लगे।बारिश से,बिल्ली से,लोगों से बचाते हुए चली आ रही थी........दीदी हमारा मेहमान आ गया।घोंसले से नन्ही आवाज़ निकल रही है ।हम दोनों बहुत खुश हो गए।घर में आनेवालों से हम घोंसले की विशेषता बताने लगे।

अब मॉ-पिताजी, मेरे पतिदेव सब घोंसले पर ध्यान देने लगे नए मेहमान को देखना है।धन्नु बोलि दीदी वे दोनों नन्नी को हमारे सामने दिखाकर ही ले जाऐंगे।हॉ वह सच था। एक दिन नन्ही को हमारे ही सामने वे हवा मैं उडना सिखा रही थी।नन्ही बहुत डर से रस्सी में झूलने लगी।हमारे लिए यह सॉभाग तब मिला जब पतिदेव ने नन्ही की आवाज़ सुनकर ऊपर के बरामदे में देखे।मादा चिडिया कितने ध्यान से बचे को उडना सिखा रहे थी!!!!! बहुत अच्छा लगा हमें कि एक चिडिया परिवार हमारे घर पले। हमारा नन्हा मेहमान बडे ही धैय्र के साथ उडकर हवा में कहीं दूर चला गया। घोसला वहीं डंग रहा है। फिर कभी ऐसी चिडियॉ की इंतज़ार मै........ हम भी और घोंसला भी......नए मेहमान की प्रतीक्षा में...........

जलजा.पी,
अध्यापिका,
जी.वी.जी.एच.एस.एस.चिटटूर

# ഹൈടെക് കെട്ടിടം ഉത്ഘാടനം



സ്കൂളിലെ ചിത്രരചനാ അധ്യാപകനായ ശ്രീ .രാജേന്ദ്രൻ സാർ വിദ്യാഭ്യാസവകുപ്പ് മന്ത്രി ശ്രീ.രവീന്ദ്രനാഥിനും,ജലവിഭവ വകുപ്പ്മന്ത്രി.ശ്രീ.കെ കൃഷ്ണൻകുട്ടിക്കും, വാഴയിലയിൽ തീർത്ത പെയിന്റിംഗ് സമ്മാനിക്കുന്നു.





എക്കോ ക്ലബ്ബിന്റെ നേതൃത്വത്തിൽ നിർമിച്ച തോൾ സഞ്ചി ബഹുമാന്യരായ മന്ത്രിമാർക്ക് നമ്മുടെ വിദ്യാർത്ഥിനികൾസമ്മാനിക്കുന്നു.



# ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ ...




SOCIAL
SCIENCE FAIR
ELOCUTION
STATE
SOCIAL FAIR


SCIENCE FAIR

# അക്കാദമികം




2019 മാർച്ചിൽ നടന്ന SSLC പരീക്ഷയിൽ 100% വിജയം നേടിയ പാലക്കാട് ജില്ലയിലെ സർക്കാർ വിദ്യാലയം.

# ഗണിത മേളയിലെ ജില്ലാതല വിജയികൾ




ATAL TINKERING LAB


2019-10-25 11:48




ARTS
നവംബർ 28,29,30
ഡിസംബർ 1
കാഞ്ഞങ്ങാട്


ചങ്ങാതിക്കൂട്ടം

# USS WINNERS



# പ്രളയം

കേരളം നേരിട്ട ഏററവും വലിയ ദുരന്തമാണ് 2018-19 കളിൽ നടന്ന പ്രളയം. ഈ വലിയ ഒരു ദുരന്തത്തെ കേരളം ഒന്നാകെ, ഒററക്കെട്ടായി നിന്നപ്പോൾ ഇതൊരു ചെറിയ ദുരന്തമായി മാറി. മലയാളികൾ ഒരിക്കലും ഓർക്കാൻ ആഗ്രഹിക്കാത്ത, വിഷമം നിറഞ്ഞ അനുഭവമായിരുന്നു  ഈ കഴിഞ്ഞ പ്രളയം. മതേതര വിവേചനമില്ലാതെ തന്നെ കേരളം ഈ പ്രളയത്തെ അതിജീവിച്ച.

മൽസ്യത്തൊഴിലാളികൾ,വ്യോമസേന,പോലീസുകാർ തുടങ്ങിയവരെല്ലാം പ്രളയത്തിൽ അകപ്പെട്ടവരെ രക്ഷിക്കുന്നതിൽ പങ്കാളികളായവരാണ്. അതിൽ ഏററവും എടുത്ത് പറയാവുന്നത് മൽസ്യത്തൊഴിലാളികളെയാണ്. ഒരു വിശ്രമവും ഇല്ലാതെ,രാത്രി പകൽ എന്ന വ്യത്യാസം ഇല്ലാതെ

തന്നെ അവർ പ്രളയത്തിൽ അകപ്പെട്ടവരെ തങ്ങളുടെ തോണിയും ബോട്ടും കൊണ്ടുവന്ന് രക്ഷിച്ചു .ഈ സംഭവത്തിലൂടെ മലയാളികൾ എല്ലാവരും ഒന്നാണ് എന്ന കാര്യം മനസ്സിലാക്കി.

ഈ പ്രളയത്തിന് കാരണം നമ്മൾ തന്നെയാണ് . കുന്നിടിക്കൽ, വയൽ നികത്തൽ, പാറ പൊട്ടിക്കൽ, കുഴൽകിണറുകൾ താഴ്ത്തൽ തുടങ്ങിയ പ്രകൃതിവിരു - ദ്ധ പ്രവൃത്തികളിലൂടെ നാം നമുക്ക് തന്നെ വിന വരുത്തിവച്ചു. അമിതമായാൽ അമൃതും വിഷം എന്ന പഴഞ്ചൊല്ല് ശരി തന്നെയാണ്. കാരണം പ്രകൃതിയിൽ നിന്നും നമ്മുടെ ആവശ്യത്തിന് എന്ത് വേണമെങ്കിലും എടുക്കാം. പക്ഷേ അനാവശ്യമായി പ്രകൃതിയിലെ എന്തിനെയും നാം ദുരുപയോഗിച്ചാൽ അത് നമുക്ക് തന്നെ ദോഷം വരുന്നതിന് കാരണമാകും.

മരങ്ങൾ വച്ചുപിടിപ്പിക്കുക, വയൽ നികത്താതിരിക്കുക തുടങ്ങിയ പ്രകൃതിക്ക് അനുയോജ്യമായ കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ നമുക്ക് ഇനിയും പ്രളയം വരാതെ നോക്കാം. ഇങ്ങനെ പ്രകൃതിക്ക് അനുയോജ്യമായ

ജീവിതശൈലി നാം മുൻകൂട്ടി ചെയ്യാതിരുന്നതിനാലാണ് ഈ പ്രളയം ഉണ്ടായത്. പ്രളയത്തിൽ അനേകം വീടുകൾ , കൃഷിയിടങ്ങൾ, കുറേപേരുടെ വിലപ്പെട്ട ജീവൻ എന്നിവ നഷ്ടപ്പെടുകയുണ്ടായി.

പ്രളയസമയത്ത് നമ്മളെയെല്ലാം സഹായിച്ച് ജീവൻ ബലിയർപ്പിച്ച മത്സ്യത്തൊഴിലാളികളെ നന്മ നിറഞ്ഞ മനസ്സോടെയാണ് നമ്മൾ ഓർക്കേണ്ടത്. പ്രളയസമയത്ത് വസ്ത്രം,പുസ്തകം,പഠനോപകരണങ്ങൾ, പാർപ്പിടം ഭക്ഷണം എന്നിവ നൽകി പ്രളയത്തിൽ അകപ്പെട്ടവരെ സംരക്ഷിച്ച എല്ലാവരെയുംനന്ദിയോടെ ഓർക്കണം. നമ്മെ രക്ഷിച്ച മത്സ്യത്തൊഴിലാളികളെ മുഖ്യമന്ത്രി ആദരിക്കുകയും ചെയ്തു.പ്രളയത്തിന് മുൻപ് മത്സ്യത്താഴിലാളി എന്ന് പറയുമ്പോൾ എല്ലാവർക്കും അവരെ തൊടാനും അവരോട് സംസാരിക്കാനും അവരെ വൃത്തിയില്ലാത്തവർ എന്ന് പറഞ്ഞ് മാറ്റി നിർത്തുകയും ചെയ്തിരുന്നു. എന്നാൽ പ്രളയസമയത്ത്

അവർ നമുക്ക് ഒരു ദൈവത്തെപ്പോലെയായിരുന്നു. പിന്നെ പറയാനുള്ളത് വ്യോമസേനയുടെ പ്രവർത്തനങ്ങളാണ്. അവർ ഹെലികോപ്റ്ററിൽ വന്ന് എല്ലാവരെയും രക്ഷിച്ച് സുരക്ഷിതമായ സ്ഥലത്ത് എത്തിക്കുകയും ജനങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. പിന്നെ സിനിമാതാരങ്ങൾ, ജീവനക്കാർ എന്നിവർ പണവും വസ്ത്രങ്ങളും മരുന്നുകളുമെല്ലാം നൽകുകയുണ്ടായി.

പ്രളയസമയത്തെ അടിയന്തിര സാഹചര്യങ്ങൾ തരണം ചെയ്തശേഷം ഉണ്ടാകാവുന്ന ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് നിരവധി നിർദേശങ്ങൾ ആരോഗ്യവകുപ്പ് നൽകിയിട്ടുണ്ട്. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുന്നതും ശരിയായ അളവിൽ ക്ലോറിൻ ഉപയോഗിച്ച് ശുദ്ധീകരിച്ച കുടിവെള്ളം ഉപയോഗിക്കുന്നതും ജലജന്യരോഗങ്ങളെ തടയുന്നതിനെക്കുറിച്ചും നമുക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകിയവരെ നന്ദിയോടെ ഓർക്കുന്നു. പ്രളയബാധിത പ്രദേശങ്ങളിൽ ശുദ്ധജലലഭ്യത

ഉറപ്പുവരുത്താൻ ജില്ലാകളക്ടർ മുന്നോട്ടു നിൽക്കുകയും ആ പ്രദേശങ്ങളിൽ ശുദ്ധജലം ലഭിക്കുകയും ചെയ്തു.

പ്രളയം വന്നപ്പോൾ നാം ഒറ്റക്കെട്ടായി നിന്നതുപ്പോലെ തന്നെ പ്രളയം വരാതിരിക്കാനും നാം ഒറ്റക്കെട്ടായി നിൽക്കണം.

ഒലിവ്യ ബാബു

X-A



# നന്മയുടെ കേരളം നവകേരളം

സമ്പൽസമൃദ്ധിയുടെ പ്രതീകമാണ് കേരളം.'കേരളം' എന്ന നാട് ഏവർക്കുമൊരു മാതൃകയായിരുന്നു. എന്നാലിന്ന് കേരളനാട് അധഃപതനത്തിന്റെ നടുവിലാണ്. കേരളനാടിനെയൊന്നടങ്കം മാറ്റിമറിച്ച പ്രളയം ഇന്നും ഒരു ഭീതിയായി നിലനിൽക്കുന്നു.ദൈവത്തിന്റെ സ്വന്തം നാടെന്നറിയപ്പെടുന്ന കേരളം ,നാശനഷ്ടങ്ങളുടെ നാടായി മാറിയിരിക്കുന്നു. ഒരു നൂറ്റാണ്ടിൽ ഒരു പ്രളയം എന്ന ചരിത്രം മാറ്റിയെഴുതേണ്ടി വന്നിരിക്കുന്നു. വാർഷികാഘോഷമെന്നതുപോലെ പ്രളയം മലയാള മനസുകളിൽ ഭീതിയുടെ നിഴൽപ്പാടുകൾ വിരിക്കുന്നു.നിർത്താതെ പെയ്യുന്ന പേമാരിയിൽ ജീവന്റെ തുടിപ്പുകൾ ബാക്കിയായി. 2018 ലെയും 19 ലെയും പ്രളയം കേരളനാടിന് സമ്മാനിച്ചത്. നാശനഷ്ടങ്ങളുടെ ഒരു നീണ്ട ലിസ്റ്റാണ്.പ്രളയത്തിന്റെ ഭാഗമായി ഉരുൾപൊട്ടലും എത്തിയിരുന്നു. മലപ്പുറം, വയനാട് മേഖലകളിൽ ഉരുൾപൊട്ടൽ ഒത്തിരിപേരുടെ ജീവനെ കൊണ്ടുപോയി. കവളപ്പാറയിലുണ്ടായ ഭീകരമായ ഉരുൾപ്പൊട്ടൽ നാടിനെയൊന്നടങ്കം ഭീതിയിലാഴ്ത്തി. മണ്ണിന്റെ ആ കടും ചുവപ്പ് നിറത്തെ ആളുകൾ ഭീതിയോടെ നോക്കി.

ഈ പ്രളയങ്ങളിലൂടെ മനുഷ്യർ ഒരുപാടു കാര്യങ്ങൾ പഠിച്ചു. ജാതിമതഭേതദങ്ങളില്ലാതെ ഉയർന്നവരും താഴ്ന്നവരും ഒരേ മുറിയിൽ ജീവിച്ചു.ഒരു ദൈവത്തെ കൂട്ടുപിടിച്ചു. മത്സ്യം തേടാത്ത ബ്രാഹ്മണർ മുക്കുവന്മാരുടെ കൈപിടിച്ച് ജീവിതത്തിലേക്ക് കയറി വന്നു. എല്ലാവരും ഒന്നാണെന്ന് തെളിയിച്ചു.

പക്ഷേ ആ പ്രളയം കഴിഞ്ഞപ്പോൾ ആളുകൾ പിന്നെയും ആ പഴയ ശീലങ്ങൾ പുറത്തെടുത്തു. വിവേചനം പിന്നെയും മനുസുകളിലെത്തി.ഏറ്റവും പ്രധാനം, പ്രകൃതിയിലെ ചൂഷണം ചെയ്യുന്നു എന്നതാണ്.മനുഷ്യൻ

പ്രകൃതിയോടു ചെയ്യുന്ന ക്രൂരതകൾക്ക് പ്രകൃതി ഒരിക്കൽ തിരിച്ചടിച്ചാൽ അതു നമുക്ക് താങ്ങാനാവില്ല എന്നത് പ്രകൃതി നമ്മെ പഠിപ്പിച്ചതാണ് ഈ പ്രളയത്തിലൂടെ.

ഇനിയെങ്കിലും നമുക്ക് അടുത്ത പ്രളയം വരാതിരിക്കാനുള്ള മുൻകരുതലെടുക്കാം. പ്രകൃതിയെ നമുക്ക് ചൂഷണം ചെയ്യാതിരി

ക്കാം.പ്രകൃതിയെ വളരെയധികം നാം ദ്രേഹി-ക്കുന്നുണ്ട്.മാലിന്യം വലിച്ചെറിയുകയും, ഒഴുകുന്ന പുഴയുടെ വഴിയെ നശിപ്പിക്കുന്നതും,മരം മുറിക്കു

ന്നതുമായ ദ്രോഹങ്ങൾ പ്രളയത്തിന് കാരണമാവുന്നു. ഇനി നമുക്ക് ഒരു നല്ല കേരളം പടുത്തുയർത്താൻ ഒന്നിച്ചു നിൽക്കാം.ഒരു നല്ല ജീവിതം

സമ്പാദിക്കാം. അമ്മയായ പ്രകൃതിയെ സംരക്ഷിച്ചു കൊണ്ട്.

ശ്രേയ.എം

VIII.ഇ

# അത് ആരുടേതായിരുന്നു?

കാതങ്ങൾ ദൂരത്തേയ്ക്ക്
എട്ടു രൂപയ്ക്കുള്ളിൽ
പറയാനുള്ളതെല്ലാമൊതുക്കി
ഇല്ലാത്ത പേരും മേൽവിലാസ
വുമെഴുതി, സ്ഥലത്തെ ആദ്യ
ബസ്സിനു മുമ്പ് കവലയിലെ
ചുവന്നപ്പെട്ടിയിൽ കളഞ്ഞിട്ടു
പോവുക എന്നത് ഒരാശ്വാസമാണ്
അപ്രതീക്ഷിതമായി മറുപടികൾ
വന്നു തുടങ്ങിയപ്പോൾ ആദ്യമുണ്ടായത്
ഒരുതരം പകപ്പാണ്
ഊരും പേരുംമറിയില്ലെങ്കിലും
കത്തിനടിയിലെ ആ കൈയ്യൊപ്പിനോട്
തോന്നിയ അവാച്യമായ ഇഷ്ടം
ജീവിക്കാനുള്ള പ്രേരണയായിരുന്നു.
ഉയരങ്ങൾ കീഴടക്കി ,
സ്വപ്നങ്ങൾ നേടിയെടുത്തു

ചോദിക്കപ്പെട്ട ചോദ്യങ്ങൾക്കെല്ലാം
വിശ്വസനീയമായ ഉത്തരങ്ങൾ
കണ്ടെത്തി,
എങ്കിലും ചോദിക്കപ്പെടാത്ത
ആ ഒരേഒരു ചോദ്യത്തിന മാത്രം
ഉത്തരമറിയില്ല ഇന്നും
ആ കൈയൊപ്പ് ആരുടേതാണോ?
ജീവിതപ്രേരണ ആരാണ്?

ഷഹാന.എസ്

X.ബി

# ENGLISH CLUB ACTIVITIES



# നരനായും പറവയായും

തൻെറ സ്വന്തം ഭാഷയിൽ കൃതികൾ നർമ്മരസം കലർത്തി എഴുതുന്ന എഴുത്തുക്കാരനാണ് സന്തോഷ് ഏച്ചിക്കാനം.സാഹിത്ത്യരൂപത്തിൽ വർണങ്ങൾ കലർത്തിയെഴുതുന്നയാൾ. 'നരനായും' പറവയായും' എന്ന പുസ്തകത്തിൽ പല കഥകളും ഓരോരുത്തരേയും ചിന്തിപ്പിക്കുന്നതും അത്ഭുതപ്പെടുത്തന്നവയുമാണ്. വായനക്കാരുടെ മനസ്സിലേക്ക് പെട്ടെന്ന് ഓടിയെത്താവുന്ന കഥകളാണ് അദ്ദേഹത്തിൻെറ കൃതികൾ. 'നരനായും പറവയായും' എന്ന കഥയിൽ ഒരു പറവയുടെ സങ്കടപ്പെ ടുത്തുന്ന അനുഭവങ്ങളെക്കുറിച്ചാണ്.അതിനോട് ഒരു കൊച്ചു കുഞ്ഞിന് സഹതാപം തോന്നി.പക്ഷെ പലരും അതിനെ ഉപദ്രവിച്ചു .പറവ ശല്യം ചെയ്യുമെന്ന് കരുതി കല്ലെടുത്ത് എറിഞ്ഞു. ഈ  പുസ്തകത്തിലെ പല കഥകളും നമ്മെ വേദനിപ്പിക്കുന്നവയാണ്. നമ്മുടെ മനസ്സിൻെറ ഇടനാഴികളിൽ അവ തങ്ങി നിൽക്കുമെന്നതിൽ ഒട്ടും സംശയമില്ല.ഇതിൽ മനുഷ്യജീവിതവുമായുള്ള പല സന്ദർഭങ്ങളും കടന്നുവരുന്നുണ്ട് .

ഇതിലെ മറ്റൊരു കഥയാണ് 'പൗർണ്ണമിയിലെ ചന്ദ്രൻ' . ഒരു ഭാര്യയുടെ സംശയാസ്പദമായ പെരുമാറ്റങ്ങളും ചന്ദ്രശേഖരൻ എന്ന വ്യക്തിയുടെ ഭാര്യയിൽ തെളിയുന്നു.അതുപോലെ തന്നെ ഇതിലെ മറ്റൊരു കഥയിൽ പറയുന്നത് ഒരു മകന് അച്ഛനോടുള്ള സ്നേഹവും സംരക്ഷണവും,അച്ഛന് മകനോടുള്ള സ്നേഹവും വാത്സല്യവുമാണ് .

സന്തോഷ്

ഏച്ചിക്കാനത്തിൻെറ ഈ പുസ്തകത്തിൽ നിന്നും കുടുബബന്ധങ്ങളുടെ മൂല്യത്തെ പറ്റി ഓരോ വായനക്കാരനും വായിച്ചെടുക്കാവുന്നതാണ്. ഈ പുസ്തകം ഓരോരുത്തർക്കും വളരെ ഉപകാരപ്രദമാകട്ടെ.

# നന്ദി

## ലിറ്റിൽ കൈറ്റ്സ്--2019



2019-20 ലിറ്റിൽ കൈറ്റ്സ് ബാച്ച് GVGHSS Chittur അവതരിപ്പിക്കുന്ന e-magazine നമ്മുടെ സ്കൂളിലെ കൊച്ചു സാഹിത്യകാരികളുടെ സൃഷ്ടികൾ കൊണ്ട് സമ്പന്നമാക്കിയിരിക്കുന്നു. അവരുടെ രചനകളെ digitalise ചെയ്ത ലിറ്റിൽ കൈറ്റ്സിലെ എല്ലാ അംഗങ്ങൾക്കും നന്ദി. അവർക്ക് പ്രേരണയും പ്രോത്സാഹനവും നൽകിയ അധ്യാപികമാർക്കും നന്ദി.

**ലിറ്റിൽ കൈറ്റ്സ് ലീഡർ**

# GVGHSS

# CHITTUR